**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 496** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഇ-കൊമേഴ്സ് പോർട്ടൽ വഴിയുള്ള കച്ചവടങ്ങളിൽ നിന്നും ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇ-കൊമേഴ്സ് പോർട്ടലുകൾ വഴി സാധനങ്ങൾ വാങ്ങുമ്പോൾ എപ്രകാരമാണ് ജി.എസ്.ടി. ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | GST നിയമപ്രകാരം ഇ-കോമേഴ്സ് ഓപ്പറേറ്റർ നിർബന്ധമായും രജിസ്ട്രേഷൻ എടുത്തിരിക്കണം. എന്നാൽ അവർ വഴി സാധനങ്ങൾ വിൽക്കുന്നവർ, GST നിയമത്തിന്റെ വകുപ്പ് 24, നോട്ടിഫിക്കേഷൻ 34/2023 dtd 31-07-2023 എന്നിവയിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടുള്ള രജിസ്ട്രേഷൻ എടുത്തിരിക്കണം.<br><br>ഇ-കോമേഴ്സ് പോർട്ടലുകൾ വഴി സാധനങ്ങൾ വിൽക്കുമ്പോൾ ഉപഭോക്താക്കളിൽ നിന്നും സാധനത്തിന്റെ വിലയും നികുതിയും ഇ-കോമേഴ്സ് ഓപ്പറേറ്റർ ഈടാക്കുകയും അവരുടെ കമ്മീഷനും ഒരു നിശ്ചിത ശതമാനം തുക (നിലവിൽ 1%) ടി.സി.എസ്. ആയും ഇ-കോമേഴ്സ് ഓപ്പറേറ്റർ ശേഖരിക്കുകയും ബാക്കി നികുതിയും സാധനത്തിന്റെ വിലയും വിൽപ്പനക്കാരന് കൈമാറുകയും ചെയ്യുന്നു. ടി.സി.എസ്. ആയി ശേഖരിച്ച തുക, വില്പന നടത്തിയ വ്യാപാരിയുടെ GST നമ്പർ രേഖപ്പെടുത്തി ഇ-കോമേഴ്സ് ഓപ്പറേറ്റർ ഫയൽ ചെയ്യുന്ന GSTR-8 എന്ന റിട്ടേൺ ഫോമിലൂടെ നികുതി ഒടുക്കുന്നതുമാണ്. ഈ തുകയുടെ ക്രെഡിറ്റ് വില്പനക്കാർക്ക് അവരുടെ നികുതി ഒടുക്കാൻ ഉപയോഗിക്കാവുന്നതാണ്. ഇത്തരം വിൽപനക്കാർ, ഇ-കോമേഴ്സ് പോർട്ടലുകൾ വഴിയുള്ള B2B ഇടപാടുകളിൽ സ്വീകർത്താവിന്റെ GST നമ്പർ രേഖപ്പെടുത്തി റിട്ടേൺ ഫയൽ ചെയ്യുകയും അതിന്റെ ക്രെഡിറ്റ് രജിസ്ട്രേഷൻ ഉള്ള വ്യാപാരി അവരുടെ റിട്ടേണിലൂടെ രേഖപ്പെടുത്തി സ്വീകരിക്കുമ്പോൾ, ആ നികുതി പ്രസ്തുത സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്യുന്നു. B2C ഇടപാടുകളിൽ സ്വീകർത്താവിന്റെ മേൽവിലാസം, പിൻ കോഡ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ അതതു |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ പേര് രേഖപ്പെടുത്തി, ഇ-കോമേഴ്സ് വഴി വ്യാപാരം നടത്തിയ വില്പനക്കാരൻ, അയാളുടെ GSTR-3B റിട്ടേൺ ഫയൽ ചെയ്യുമ്പോൾ ആ നികുതി പ്രസ്തുത സംസ്ഥാനത്തിന് ലഭിക്കുന്നു. |
| (ബി) | ഇ-കൊമേഴ്സ് പോർട്ടൽ വഴിയുള്ള കച്ചവടം ക്രമാതീതമായി വർദ്ധിക്കുമ്പോൾ ഈ ഇനത്തിലുള്ള നികുതി ചോർച്ച സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇ-കോമേഴ്സ് പോർട്ടലുകൾ വഴിയുള്ള കച്ചവടം ക്രമാതീതമായി വർദ്ധിക്കുമ്പോൾ ഈ ഇനത്തിൽ നികുതി ചോർച്ച ഉണ്ടായാൽ അത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ആനുപാതികമായി ബാധിക്കുന്നതാണ്. |
| (സി) | ഇ-കൊമേഴ്സ് പോർട്ടലുകൾ വഴിയുള്ള കച്ചവടങ്ങളിൽ നിന്നുമുള്ള ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സ്വീകരിക്കും. സംസ്ഥാനത്ത് ഇ-കൊമേഴ്സ്, മുഖാന്തരം വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനത്തെ ഉപഭോക്താക്കളിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലെ വ്യാപാരികൾ ഈടാക്കുന്ന ഐ.ജി.എസ്.ടി.., മറ്റ് സംസ്ഥാനങ്ങളിലെ വ്യാപാരികൾ കൃത്യമായി റിട്ടേൺ ഫയൽ ചെയ്യാത്തതിലൂടെ ചില സന്ദർഭങ്ങളിൽ സംസ്ഥാനത്തിന് ലഭിക്കുന്നില്ല എന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡാറ്റ അനലിറ്റിക്സ് വിഭാഗം നടത്തിയ പഠനത്തിലൂടെ കണ്ടെത്തുകയും റിട്ടേൺ ഫോമുകളിലെ പരിമിതികളാണ് ഇതിന് ഒരു പരിധിവരെ കാരണമെന്ന് കണ്ടെത്തുകയും ചെയ്തു.<br><br>പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റിട്ടേൺ ഫോമുകളിൽ ഭേദഗതി വരുത്തണമെന്ന് ജി.എസ്.ടി. കൗൺസിൽ മുമ്പാകെ നിർദ്ദേശം സമർപ്പിക്കുകയും, സംസ്ഥാനം സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അമ്പത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ ഈ വിഷയം പരിഗണിക്കുകയും അത് ശരിയാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ ഫയൽ ചെയ്യേണ്ട GST റിട്ടേൺ ഫോറം-8ൽ Place of supply റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഭേദഗതികൾ നടപ്പിലാക്കുകയും ചെയ്തു. CGST/SGST സെക്ഷൻ 52(4) പ്രകാരം ഓരോ ഇ-കോമേഴ്സ് ഓപ്പറേറ്റേഴ്സും സെക്ഷൻ 52(1) പ്രകാരം ഉറവിടത്തിൽ നിന്നും നികുതി കളക്ട് ചെയ്യേണ്ടുന്നതും, അപ്രകാരം കളക്ട് ചെയ്യപ്പെട്ട നികുതിയുടെ supply സംബന്ധമായ വിവരങ്ങൾ അടങ്ങിയ റിട്ടേൺ ഫോറം 8 ൽ നൽകേണ്ടതുമാണ്. എന്നാൽ നിലവിലെ ഫോറം-8 ൽ Place of supply റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ലഭ്യമല്ലായിരുന്നു. ഇത് കേരളത്തിന്റെ ഇടപെടലിലൂടെ പരിഹരിക്കാൻ കഴിയുകയും ഇ-കോമേഴ്സ് മുഖാന്തരം വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് ഈടാക്കുന്ന |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ എന്ന് ഒരു പരിധിവരെ നിരീക്ഷിക്കാനും ഇത് വഴി ഇനി കഴിയും.<br><br>കൂടാതെ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിലേക്കായി സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ IGST Task Force രൂപികരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം നടന്നുവരുന്നതുമാണ്. കൂടാതെ, IGST വിഹിതം ലഭിക്കുന്നതിലുള്ള നടപടിക്രമങ്ങളിലെ ആശങ്കകളും പരാതികളും National Co-ordination Committee മീറ്റിങ്ങിലും കേന്ദ്ര റവന്യൂ സെക്രട്ടറി മുൻപാകെയും ഉന്നയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ